**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4068** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എല്ലിലെ താല്ക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ട് പത്രത്തിലോ വെബ്സൈറ്റിലോ വിജ്ഞാപനം പ്രസിദ്ധീകരിക്കാതെ എത്ര ജീവനക്കാരെ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നാളിതുവരെ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്രപേർ നിലവിൽ ജോലിചെയ്യുന്നുണ്ട്; കെ.എം.എസ്.സി.എൽ നേരിട്ട് വിജ്ഞാപനം നടത്താതെ എങ്ങനെയാണ് ജീവനക്കാരെ നിയമിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നേരിട്ട് പത്രത്തിലോ വെബ്സൈറ്റിലോ വിജ്ഞാപനം പ്രസിദ്ധീകരിക്കാതെ നാളിതുവരെ 186 ജീവനക്കാരെ കോർപ്പറേഷനിൽ നിയമിച്ചിട്ടുണ്ട്. അതിൽ 135 ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.<br><br>കോർപറേഷനിലെ കരാർ/ദിവസവേതന ജീവനക്കാരുടെ സേവന വിവരങ്ങൾ സംബന്ധിച്ച പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് തയാറാക്കി വരുന്നു. |
| (ബി) | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 7.3.2024-ലെ സ.ഉ.(കൈ)നം.52/2024/ എച്ച്&എഫ്.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം കെ.എം.എസ്.സി.എൽ ലെ 77 ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചതിൽ, ഏപ്രിൽ 2024 മുതൽ പ്രസ്തുത ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത എത്ര ജീവനക്കാർക്ക് പ്രസ്തുത ഉത്തരവ് പ്രകാരം അനധികൃതമായി വർദ്ധിപ്പിച്ച ശമ്പളം നൽകി; ഇത്തരം നിയമലംഘനം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 7.3.2024-ലെ സ.ഉ.(കൈ)നം.52/2024/എച്ച് & എഫ്.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം കെ.എം.എസ്.സി.എൽ ലെ 77 ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചിരുന്നു.<br>ഡെപ്യൂട്ടി മാനേജർ കാറ്റഗറിയിൽ 8 ജീവനക്കാരാണ് ശമ്പള പരിഷ്കരണ പ്രൊപ്പോസലിൽ ഉൾപ്പെട്ടിരുന്നത്. ആയതിൽ ഇന്റേർണൽ ഓഡിറ്റ് വിഭാഗം, കിൻഫ്ര വെയർഹൌസ് മാനേജർ ആയിരുന്ന ഡെപ്യൂട്ടി മാനേജർ എന്നീ രണ്ട് ഡെപ്യൂട്ടി മാനേജർമാർ ഉത്തരവ് നിലവിൽ വന്ന സമയം കോർപ്പറേഷനിൽ സേവനം അനുഷ്ഠിച്ചിരുന്നില്ല. എന്നാൽ കോർപ്പറേഷനിലെ പ്രോജക്റ്റ് ഡിവിഷൻ, കാരുണ്യ പർച്ചേസ് ഡിവിഷൻ, എക്യുപ്മെന്റ് സർവ്വീസ് ഡിവിഷൻ എന്നീ വിഭാഗങ്ങളിൽ പുതുതായി 3 ഡെപ്യൂട്ടി മാനേജർമാർ എംപ്ലോയ്മെന്റ് മുഖേന കോർപ്പറേഷനിൽ പുതുതായി ജോലിയിൽ പ്രവേശിക്കുകയുണ്ടായി. പ്രസ്തുത ജീവനക്കാർ ഉൾപ്പെടെ ഡെപ്യൂട്ടി മാനേജർമാരായി 9 ജീവനക്കാർ ശമ്പളപരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വന്ന സമയം സേവനമനുഷ്ഠിക്കുന്നുണ്ടായിരുന്നു. ഇതിൽ കാരുണ്യ സെയിൽസ് ഡിവിഷനിലെ ഡെപ്യൂട്ടി |

| | | | |
|---|---|---|---|
| | | | മാനേജരും എംപ്ലോയ്മെന്റ് മുഖേന പുതുതായി ജോലിയിൽ പ്രവേശിച്ച 5 ഡെപ്യൂട്ടി മാനേജർമാർ ഉൾപ്പെടെ 6 പേർ പ്രതിമാസം 30,000 രൂപ വേതനം കൈപ്പറ്റുന്നവരായിരുന്നു. സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ 30,000 രൂപ എന്ന നിരക്ക് ഉൾപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ സർക്കാർ ഉത്തരവിലും പ്രസ്തുത നിരക്ക് പരാമർശിച്ചിട്ടില്ല. എന്നാൽ 15.12.2022 മുതൽ മുൻകാല പ്രാബല്യത്തോടെ ഡെപ്യൂട്ടി മാനേജർമാരുടെ വേതനം 51,000/- രൂപയായി നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിലാണ് ടി കാറ്റഗറിയിൽ നിലവിൽ ജോലി ചെയ്യുന്ന 9 ജീവനക്കാർക്കും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം നൽകിയിട്ടുള്ളത്.<br><br>അസിസ്റ്റന്റ് മാനേജർ കാറ്റഗറിയിൽ 35 ജീവനക്കാരാണ് ശമ്പള പരിഷ്കരണ പ്രൊപ്പോസലിൽ ഉൾപ്പെട്ടിരുന്നത്. ആയതിൽ 7 അസിസ്റ്റന്റ് മാനേജർമാർ കോർപ്പറേഷനിൽ നിന്നും വിടുതൽ വാങ്ങുകയും, ടി ജീവനക്കാർക്ക് പകരമായി 7 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിക്കുകയുമുണ്ടായി. കൂടാതെ ഡെപ്യൂട്ടി മാനേജരായിരുന്ന അസിസ്റ്റന്റ് മാനേജരെ തിരികെ അസിസ്റ്റന്റ് മാനേജർ ആയി നിയമിക്കുകയും ചെയ്തു. ഇങ്ങനെ അസിസ്റ്റന്റ് മാനേജർ കാറ്റഗറിയിൽ നിലവിൽ 36 ജീവനക്കാർ ശമ്പളപരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വന്ന സമയം സേവനമനുഷ്ഠിക്കുന്നുണ്ടായിരുന്നു.ഇതിൽ 24 ജീവനക്കാർ പ്രതിമാസം 20,000 രൂപ വേതനം കൈപ്പറ്റുന്നവരായിരുന്നു. സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ 20,000 രൂപ എന്ന നിരക്ക് ഉൾപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ സർക്കാർ ഉത്തരവിലും പ്രസ്തുത നിരക്ക് പരാമർശിച്ചിട്ടില്ല. 15.12.2022 മുതൽ മുൻകാല പ്രാബല്യത്തോടെ അസിസ്റ്റന്റ് മാനേജർമാരുടെ വേതനം 32,000/- രൂപയായി നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ആണ് ടി കാറ്റഗറിയിൽ നിലവിൽ ജോലി ചെയ്യുന്ന 36 ജീവനക്കാർക്കും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത ജീവനക്കാരുടെ ശമ്പളബിൽ സർക്കാരിൽ സമർപ്പിച്ചതിൽ കെ.എം.എസ്.സി.എല്ലിന് അപാകത പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ശമ്പളബിൽ തയ്യാറാക്കിയ ജീവനക്കാരുടെമേൽ നാളിതുവരെ എന്തെങ്കിലും നടപടി | (സി) | ഡി.ഡി.ഒ. ആയ മാനേജിംഗ് ഡയറക്ടറാണ് കോർപ്പറേഷനിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളം അനുവദിക്കുന്നത്. പ്രസ്തുത ശമ്പളബിൽ തയ്യാറാക്കുന്നതിൽ കോർപ്പറേഷന് അപാകത പറ്റിയിട്ടില്ല. |

| | | | |
|---|---|---|---|
| | കെ.എം.എസ്.സി.എൽ. എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ